**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3533** — **12.05.2017-ൽ മറുപടിയ്ക്ക്**

## മുടങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളി പെൻഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് നൽകിവന്നിരുന്ന പെൻഷൻ എത്ര മാസമായി മുടങ്ങിക്കിടക്കുന്നു എന്നറിയിക്കാമോ; | (എ) | മത്സ്യബോർഡിൽ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി,വിധവ എന്നീ വിഭാഗങ്ങളിലായി 65,300 പേർ പെൻഷണർമാരായിട്ടുണ്ട്. ഇതിൽ 49898 പേർക്ക് ആധാർ ലിങ്കിംഗ് പൂർത്തിയായിട്ടുണ്ട്. ആധാർ ലിങ്കിംഗ് പൂർത്തിയായവരുടെ 31/03/2017 വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അംഗങ്ങളുടെ ആധാർ ലിങ്കിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണ്. അതിനുള്ള ഊർജ്ജിത നടപടികൾ മത്സ്യബോർഡ് മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | രോഗികളായ മത്സ്യത്തൊഴിലാളികൾക്ക് മരുന്നു വാങ്ങുവാൻ പോലും നിവൃത്തിയില്ലാത്ത സാഹചര്യം കണക്കിലെടുത്ത് ആയത് എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ 31/03/2017 വരെ പെൻഷൻ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലതാമസം കൂടാതെ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ